**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മാള ഗ്രാമപഞ്ചായത്ത് - തെരുവുനായ ആക്രമണത്തിന് വിധേയനായ ശ്രീ. പി.എസ്. ബിജുവിന് നഷ്ടപരിഹാരം നല്കിയ തുകയിൽ ഫിനാൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ച 2,33,500/- രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1011/2019/തസ്വഭവ തിരുവനന്തപുരം, തീയതി:20.05.2019

പരാമർശം:
1. 11.05.2017 തീയതിയിലെ സ.ഉ.(സാധ)നം.1546/2017/തസ്വഭവ
2. 14.03.2018 തീയതിയിലെ മാള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഇ/9787/18 നമ്പർ കത്ത്
3. 16.03.2018 തീയതിയിലെ സ.ഉ.(സാധ)നം.722/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
4. 23.03.2018, 12.04.2018 തീയതികളിലെ മാള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഇ.9787/18 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തെരുവുനായ ആക്രമണത്തിനിരയായവർക്ക് നഷ്ടപരിഹാരം നിജപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കാൻ സുപ്രീം കോടതി നിയോഗിച്ചിട്ടുള്ള ജസ്റ്റിസ്(റിട്ട.) സിരിജഗൻ കമ്മിറ്റിയുടെ മൂന്നാമത് റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് SLP(C)691/2009 നമ്പർ കേസിൽ, പരാതിക്കാർക്ക് നഷ്ട പരിഹാരം ലഭ്യമാക്കാൻ 03.03.2017-ൽ സുപ്രീം കോടതി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ അർഹരായവർക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ തനത്/പ്ലാൻ ഫണ്ടിൽ (സർവ്വീസ് സെക്ടർ) നിന്നും നഷ്ട പരിഹാരം ലഭ്യമാക്കാൻ സൂചന (1) സർക്കാർ ഉത്തരവു പ്രകാരം നിർദ്ദേശം നൽകിയിരുന്നു. മാള ഗ്രാമ പഞ്ചായത്ത് ഒഴികെ ബന്ധപ്പെട്ട എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നഷ്ട പരിഹാരത്തുക പരാതിക്കാർക്ക് കൈമാറിയിരുന്നു. എന്നാൽ പരാതിക്കാരനായ ശ്രീ.പി.എസ്.ബിജു എന്ന വ്യക്തിയ്ക്ക് നഷ്ടപരിഹാരം ലഭ്യമാക്കാതെ മാള ഗ്രാമ പഞ്ചായത്ത് ഹൈക്കോടതിയിൽ WP(C)18013/17 പ്രകാരം കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിൽ ഉണ്ടായ ഇടക്കാല വിധിക്കെതിരെ സർക്കാർ സമർപ്പിച്ച WA 330/2018-ാം നമ്പർ അപ്പീൽ ഹൈക്കോടതി 20.02.2018 ൽ തള്ളുകയുണ്ടായി. ആയതിനെ തുടർന്ന് പരാതിക്കാരൻ ഫയൽ ചെയ്ത 403/2018-ാം നമ്പർ കോടതിയലക്ഷ്യ ഹർജി കോടതി സ്വീകരിക്കുകയും 22.03.2018 ന് മുമ്പായി നഷ്ട പരിഹാരം ലഭ്യമാക്കാൻ കോടതി നിർദ്ദേശിക്കുകയും ചെയ്തു.

2. മേൽ സാഹചര്യത്തിൽ ശ്രീ. പി.എസ്. ബിജുവിന് 18,74,500/- രൂപ മാള ഗ്രാമപഞ്ചായത്തിലെ 2017-2018-ലെ നടപ്പിലാക്കാത്ത പ്രോജക്ടുകളിൽ നിന്നും പൂർത്തീകരിച്ച പ്രോജക്ടുകളിൽ ബാക്കിവന്ന തുകയിൽ നിന്നും വാർഷിക പദ്ധതി ഭേദഗതി ചെയ്ത് മേഖല വിഭജനം/വാലിഡേഷൻ നിബന്ധനകൾ ഒഴിവാക്കി അനുവദിക്കുന്നതിന് സൂചന (3) പ്രകാരം ഉത്തരവായിരുന്നു.

3. എന്നാൽ സൂചന (4) പ്രകാരം ലഭ്യമാക്കിയ മാള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കത്ത് പ്രകാരം,പ്രോജക്ട് തുക പിൻവലിക്കുന്നതിനുള്ള സാങ്കേതിക തടസ്സം ഉള്ളതിനാൽ 4 ലക്ഷം രൂപ കഴിച്ചുള്ള തുകയായ 14,74,500/- രൂപ പരാതിക്കാരന് നൽകിയതിൽ 12,41,000/- രൂപ പ്ലാൻ ഫണ്ട് ജനറലും 2,33,500/- രൂപ ഫിനാൻസ് ഗ്രാന്റിൽ നിന്നും അനുവദിക്കുന്ന വിധത്തിലായിരുന്നു എന്ന് അറിയിക്കുകയും ,ഫിനാൻസ് ഗ്രാന്റിനത്തിൽ ചെലവഴിച്ച 2,33,500/- രൂപ പ്രസ്തുത ആവശ്യത്തിലേയ്ക്ക് വിനിയോഗിച്ചതിന് സാധൂകരണം ആവശ്യപ്പെടുകയും ചെയ്തിരുന്നു.

4. സർക്കാർ ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് സർക്കാരിനെതിരെയുള്ള കോടതിയലക്ഷ്യം ഒഴിവാക്കുന്നതിനായി അടിയന്തിര ഘട്ടത്തിൽ ഫണ്ട് കണ്ടെത്താൻ മാള ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി ഒരു പ്രത്യേക കേസായി പരിഗണിച്ച് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീജ വി**

ഡെപ്യൂട്ടി സെക്രട്ടറി

മാള ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മാള പി.ഒ., തൃശ്ശൂർ
പഞ്ചായത്ത്ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ